# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3883 19.03.2018ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് പദവി

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ 100 കുട്ടികളിൽ കൂടുതൽ ഉള്ള 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് പദവി നൽകി ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ തുടർ നടപടികൾ എന്തായിയെന്ന് വിശദമാക്കാമോ; | (എ) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016-ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് ഭേദഗതിയും സർക്കാറിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതയും പരിശോധിച്ചിട്ടുണ്ടോ; | (ബി) | സ്പെഷ്യൽ സ്കൂളുകൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ റൂൾസിന്റെ കരട് തയ്യാറാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച വരികയാണ് ഇക്കാര്യത്തിൽ 40 കോടി 22 ലക്ഷം രൂപയോളം സാമ്പത്തിക ബാധ്യത വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പുറത്തിറങ്ങുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് ലഭിച്ചതിന് ശേഷം ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ